**നമ്പർ. ഐ.കെ.എം/ജി.പി/ഇംപ്ലി/1452/05** **27.06.2007**

**സെക്രട്ടറി**
**.................................. ജില്ല/ബ്ലോക്ക്/ഗ്രാമ പഞ്ചായത്ത്**

സർ,

വിഷയം : ജില്ല/ബ്ലോക്ക്/ഗ്രാമ പഞ്ചായത്തുകളുടെ കമ്പ്യൂട്ടർവൽക്കരണം – സെർവറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നത് സംബന്ധിച്ച്.

സൂചന : 25.06.2007–ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ. 168/2007/തസ്വഭവ

സൂചന സർക്കാർ ഉത്തരവിന്റെ പകർപ്പ് താങ്കളുടെ അറിവിനും സത്വരനടപടിക്കുമായി ഉള്ളടക്കം ചെയ്തിരിക്കുന്നു. പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരം ജില്ല/ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകളിൽ ലഭ്യമാക്കേണ്ട താഴെ കൊടുത്തിരിക്കുന്ന ഉപകരണങ്ങൾക്കും മറ്റും ഇൻഫർമേഷൻ കേരള മിഷൻ നിഷ്കർഷിച്ചിരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്നു.

1. സെർവർ കമ്പ്യൂട്ടർ
2. ക്ലയന്റ് /ഡസ്ക്ക്ടോപ്പ് കമ്പ്യൂട്ടർ
3. ഡോട്ട് മെട്രിക്സ് പ്രിന്റർ – 24 പിൻ 136 കോളം
4. ഡോട്ട് മെട്രിക്സ് പ്രിന്റർ – 24 പിൻ 80 കോളം
5. മോഡം
6. 8– പോർട്ട് ഇതർനെറ്റ് സ്വിച്ച്
7. നെറ്റ്വർക്കിംഗ്

സൂചന സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന സ്ഥാപനങ്ങൾ/ഏജൻസികളിൽ നിന്നും നേരിട്ട് വാങ്ങുവാൻ വേണ്ട നടപടി ഉടൻ കൈക്കൊള്ളാൻ അഭ്യർത്ഥിക്കുന്നു. സർക്കാർ ഉത്തരവ്, മാർഗ്ഗനിർദ്ദേശങ്ങൾ, പർച്ചേസ് ഓർഡർ – മാതൃക എന്നിവ തുടർനടപടിയ്ക്കായി ഉള്ളടക്കം ചെയ്തിരിക്കുന്നു.

വിശ്വസ്തതയോടെ

**പ്രൊഫ.എം.കെ.പ്രസാദ്**
**എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ**

**ഉള്ളടക്കം :** **1. സർക്കാർ ഉത്തരവ്**
**2. മാർഗ്ഗനിർദ്ദേശങ്ങൾ**
**3. പർച്ചേഴ്സ് ഓർഡർ – മാതൃക**

NB: ഐ.കെ.എം. ൽ തുക അടച്ച ഗ്രാമപഞ്ചായത്തുകൾ പർച്ചേസ് ഓർഡർ നൽകേണ്ടതാണ്. വെണ്ടർക്ക് ഐ.കെ.എം. തുക നൽകുന്നതാണ്. സെർവർ കമ്പ്യൂട്ടറുകൾക്ക് പുറമെ ക്ലയിന്റ് കമ്പ്യൂട്ടറുകളും മറ്റ് ഉപകരണങ്ങളും ആവശ്യമാണെങ്കിൽ അതിന് പ്രത്യേകമായി പർച്ചേസ് ഓർഡർ നൽകേണ്ടതാണ് അതിനുള്ള ചെലവ് ഗ്രാമപഞ്ചായത്ത് തന്നെ വഹിക്കേണ്ടതാണ്.


Pratheeksha, SP-3/903, Near Govt. Engineering College, Pangappara PO, Thiruvananthapuram, Kerala. Pin 695 581
Ph: 0471 2595832, 2595833 Fax: 0471 2595833 email: ikm@infokerala.org